**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6336** | **20-03-2023 - ൽ മറുപടിയ്ക്ക്**

**നൂൽപ്പുഴ ട്രൈബൽ സെറ്റിൽമെന്റിൽ നിന്നുള്ള കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നത് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | നൂൽപ്പുഴ ട്രൈബൽ സെറ്റിൽമെന്റിൽ നിന്നും എത്ര കുടുംബങ്ങളെ ഏതെല്ലാം മേഖലയിൽ പുനരധിവസിപ്പിച്ചെന്നും ഇതിനായി എത്ര ഭൂമി വാങ്ങിയെന്നും എത്ര തുക ചെലവഴിച്ചെന്നും വ്യക്തമാക്കുമോ; | (എ) | **നൂൽപ്പുഴ പഞ്ചായത്തിലെ അമ്മവയൽ, ഗോളൂർ, കൊട്ടങ്കര, കുറിച്യാട്, വെള്ളക്കോട്, ചെട്യാലത്തൂർ എന്നീ സെറ്റിൽമെന്റുകളിൽ നിന്നായി 123 കുടുംബങ്ങളെ നൂൽപ്പുഴ, അമ്പലവയൽ, നെന്മേനി, പൂതാടി, മീനങ്ങാടി എന്നീ പഞ്ചായത്തുകളിലും സുൽത്താൻ ബത്തേരി മുൻസിപ്പാലിറ്റിയിലുമായാണ് പുനരധിവസിപ്പിച്ചിട്ടുള്ളത്. ഇതിനായി ആകെ 55.6 ഏക്കർ ഭൂമി വാങ്ങിയിട്ടുണ്ട്. ഇതിലേയ്ക്കായി ഒരോ കുടുംബത്തിനും 10,00,000/- രൂപ വീതം വനം വകുപ്പ് അനുവദിച്ചിട്ടുണ്ട്.** |
| (ബി) | ഇതുമായി ബന്ധപ്പെട്ട് എത്ര പേരെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തെന്നും എത്ര ഭൂമി ഇവരുടെ പേരിൽ രജിസ്റ്റർ ചെയ്ത് നൽകിയെന്നും വ്യക്തമാക്കുമോ; | (ബി) | **217 പേരെയാണ് ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടുള്ളത്. ഇതിൽ 123 പേർ ഭൂമി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആകെ 55.6 ഏക്കർ ഭൂമിയാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്.** |
| (സി) | എത്രപേർ വീട് നിർമ്മാണം പൂർത്തീകരിച്ചെന്നും ഇനി എത്രപേർ പൂർത്തീകരിക്കാനുണ്ടെന്നും ഭൂമി അനുയോജ്യമല്ലാത്ത കാരണത്താൽ വീട് നിർമ്മിക്കാൻ സാധിക്കാത്ത കുടുംബങ്ങൾ ഉണ്ടോ എന്നും വിശദമാക്കുമോ; | (സി) | **നിലവിൽ 67 പേർക്ക് വീട് അനുവദിച്ചിട്ടുണ്ട്. ഇതിൽ 64 പേരുടെ വീട് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 3 പേർ നിർമ്മാണം പൂർത്തീകരിക്കാനുണ്ട്. നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്ന 3 കുടുംബങ്ങളിൽ 2 കുടുംബങ്ങൾക്ക് ഭൂമി അനുയോജ്യമല്ലാത്തതിനാൽ വീട് നിർമ്മിക്കാൻ സാധിച്ചിട്ടില്ല.** |
| (ഡി) | പ്രസ്തുത സ്ഥലത്ത് കൃഷി, കന്നുകാലി വളർത്തൽ, വനവിഭവങ്ങളുടെ ശേഖരണം തുടങ്ങിയ സ്വാഭാവിക ഉപജീവനമാർഗങ്ങൾ നിറവേറ്റുന്നതിനായി എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തി നൽകിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ; | (ഡി) | **വനത്തിന് സമീപം ഭൂമി വാങ്ങിയവർ കന്നുകാലി വളർത്തൽ തുടങ്ങിയവയ്ക്ക് വനത്തിനെ ആശ്രയിക്കുകയും വനവിഭവങ്ങളുടെ ശേഖരണം നടത്തുകയും ചെയ്യുന്നു. സ്വന്തമായി മൃഗപരിപാലനം, കൃഷി തുടങ്ങിയവ നടത്തിയിരുന്നവർ നിലവിലും ഉപജീവന മാർഗ്ഗത്തിനായി ഇവയെ ആശ്രയിക്കുന്നു.** |
| (ഇ) | സ്വാഭാവിക ആവാസ വ്യവസ്ഥയിൽ നിന്നും മാറിയതിനാൽ ഉപ ജീവനമാർഗങ്ങൾ നഷ്ടമാകുന്നതിനെ തുടർന്ന് മേൽപ്പറഞ്ഞ | (ഇ) | **വന്യജീവി സങ്കേതങ്ങൾക്കുള്ളിലുള്ള കോളനികളിൽ അധിവസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളെ വനാന്തരത്തിൽ നിന്നും മാറ്റിപ്പാർപ്പിക്കുന്നതിനായി** |

| | | | |
|---|---|---|---|
| | കുടുംബങ്ങൾ കടുത്ത മാനസിക സമ്മർദ്ദം അനുഭവിക്കുന്നതായ റിപ്പോർട്ടുകളുടെ നിജസ്ഥിതി പരിശോധിച്ചിട്ടുണ്ടോ; ആയതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന പരിഹാര നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | | **വയനാട് ജില്ലയിൽ നാഷണൽ റീഹാബിലിറ്റേഷൻ റീസെറ്റിൽമെന്റ് പോളിസി (2007) പ്രകാരം 2012 മുതൽ വനം വകുപ്പ് പദ്ധതി നടപ്പിലാക്കി വരുന്നു.**<br><br>**വയനാട് ജില്ലയിൽ വനം വകുപ്പ് മുഖേന നടത്തുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയെ വിലയിരുത്തി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആഭ്യന്തര കണക്ക് പരിശോധനാ വിഭാഗം റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുനരധിവാസ പദ്ധതിയുടെ പരിണിതഫലത്തെക്കുറിച്ച് പഠനം നടത്തുന്നത് ഉൾപ്പെടെയുള്ള ശുപാർശകളിന്മേൽ ആവശ്യമായ നടപടി സ്വീകരിച്ചു വരുന്നു.**<br><br>**പുനരധിവാസം നടന്ന സ്ഥലങ്ങളിലെ ആളുകൾക്ക് അവരുടെ ജന്മസ്ഥലത്ത് നിന്നും മറ്റൊരു സ്ഥലത്തേയ്ക്ക് മാറി താമസിക്കുമ്പോൾ സാധാരണ രീതിയിൽ തുടക്കത്തിൽ ഉപജീവനത്തിനായുള്ള തൊഴിലിനും മറ്റും പ്രയാസം നേരിടുകയും മാനസിക സമ്മർദ്ദം നേരിടുകയും ചെയ്യാറുണ്ട്. എന്നാൽ പുതിയ സ്ഥലത്തെ സാഹചര്യങ്ങൾക്കനുസരിച്ച് അവർ പൊരുത്തപ്പെട്ട് പോകുന്നതായാണ് കാണുന്നത്.** |

സെക്ഷൻ ഓഫീസർ